മാധ്യമം
08 February 2024

# മൺസൂൺകാല ട്രോളിങ് നിരോധനം കരിക്കാടി ചെമ്മീന് ഗുണകരമെന്ന് പഠനം

**കൊച്ചി:** മൺസൂൺകാലത്തെ ട്രോളിങ് നിരോധനം കൊണ്ട് പൊതുവെ കരുതിയിരുന്നതു പോലെ കരിക്കാടി ചെമ്മീൻ സമ്പത്തിന് നഷ്ടമൊന്നും സംഭവിക്കുന്നില്ലെന്ന് പഠനം.

മറിച്ച്, കടലിൽ കരിക്കാടി ചെമ്മീൻ സമ്പത്തിന്റെ സുസ്ഥിര വളർച്ചക്ക് നിരോധനം ഗുണകരമാണെന്ന് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) പഠനം വെളിപ്പെടുത്തുന്നു.

ട്രോളിങ് നിരോധനം കാരണം പിടിച്ചെടുക്കാൻ കഴിയാതെ പോകുന്ന കരിക്കാടി ചെമ്മീൻ ആഴക്കടലുകളിലേക്ക് നീങ്ങുന്നതിനാൽ എന്നന്നേക്കുമായി നഷ്ടപ്പെടുമെന്ന് മത്സ്യത്തൊഴിലാളികൾ ആശങ്കപ്പെട്ടിരുന്നു. ഉപ്പിന്റെ അളവ് കൂടുതലുള്ള ആഴക്കടലുകളിലേക്ക് ഇവ നീങ്ങുന്നുണ്ടെന്ന് കണ്ടെത്തിയെങ്കിലും ട്രോളിങ് നിരോധനം കഴിഞ്ഞയുടൻ 50 മുതൽ 100 മീറ്റർ വരെ ആഴങ്ങളിൽനിന്ന് ഈ ചെമ്മീൻ പിടിക്കാനാകുമെന്ന് പഠനം പറയുന്നു.

മൺസൂൺ കാലയളവിൽ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിലൂടെ അവയുടെ പ്രജനനം തുടരാനും കൂടുതൽ അളവിലും വലുപ്പത്തിലും വളർച്ച കൈവരിക്കാനുമാകുന്നു.

മത്സ്യത്തൊഴിലാളികൾ പ്രകടിപ്പിച്ച ആശങ്കയുടെ അടിസ്ഥാനത്തിലാണ് പഠനം നടത്തിയതെന്ന് സി.എം.എഫ്.ആർ.ഐ ഷെൽ ഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവി ഡോ. എ.പി. ദിനേശ്ബാബു പറഞ്ഞു.